സംവാദം

## മഴവിൽ ലോകത്തെ ഇസ്‌ലാം

**കെ.പി സൽവ**

# മഴവിൽ ലോകം ഇസ്‌ലാമിന്റേതാണ്

**ആറാം** ക്ലാസ്സിൽ പഠിക്കുമ്പോൾ, ആദ്യമായി ചുരിദാറിട്ട് വല്യുമ്മയുടെ മുമ്പിൽ ചെന്നപ്പോൾ ‘ഇയ്യും തൊടങ്ങ്യോ ഈറ്റാലൊക്കെടാൻ’ എന്നായിരുന്നു പ്രതികരണം. മുസ്‌ലിം സമുദായത്തിന്റെ പൊതു ചിന്താരീതിയാണിത്. നിലവിൽ അതിനകത്ത് ഇല്ലാത്ത വസ്ത്രം, ഭാഷ, രുചി, ആഖ്യാനങ്ങൾ തുടങ്ങിയവയെ എല്ലാം അകറ്റിനിർത്തുന്ന, സംശയത്തോടെ വീക്ഷിക്കുന്ന മനസ്സ്. തന്റെ മതത്തിന് ഒരു പോറലുമേറ്റുകൂടാ എന്ന ശുദ്ധ പ്രതിബദ്ധതയിൽനിന്നാണ് ഈ പ്രതിരോധം ഉയർന്നുവന്നിരുന്നത്. സിനിമയും നാടകവും ഇതര സാഹിത്യങ്ങളുമൊക്കെ ഹറാമോ കറാഹാത്തോ (വെറുക്കപ്പെട്ടത്) ഒക്കെ ആയിരുന്ന ഒരു കാലം സമുദായത്തിനുണ്ടായിരുന്നു. അതേസമയം സമുദായത്തിനകത്തുനിന്ന് ജീവനെടുക്കുന്ന ജീർണതയും അരാഷ്ട്രീയതയും അന്നും ഇന്നും കാണുന്നില്ല. ‘ബദ്‌രീങ്ങളേ’ വിളി മുതൽ ജിന്നു ബാധ, ഇരുട്ടടി പ്രതിരോധം, ബ്രാന്റഡ് പർദാ വിപണികൾ വരെ. അകത്തുനിന്ന് ആരും നമ്മെ ദ്രോഹിക്കുകയില്ലെന്നും പുറത്തുനിന്ന് ആരും നമ്മെ സഹായിക്കുകയില്ലെന്നുമുള്ള അതിരു കവിഞ്ഞ ഉൾവലിയലാണ് ഇന്ന് പഥ്യം.

ഉൾപ്പാർട്ടി വിമർശനത്തിലാണ് ഒരു പ്രസ്ഥാനത്തിന്റെ വിജയം കിടക്കുന്നത് എന്നപോലെ ആഭ്യന്തര വികസനശേഷിയും നവീകരണോന്മുഖതയുമാണ് ഒരു ആശയത്തിന്റെ പ്രസക്തിയും ശക്തിയും നിലനിർത്തുന്നത്. വിമർശനങ്ങളുടെ നവീകരണ സാധ്യത മനസ്സിലാക്കാതെ അതിനെ പ്രതിരോധിക്കുന്ന രീതിയാണ് സമുദായം സ്വീകരിക്കുന്നത്. പർദ എന്ന് പറയുമ്പോഴേക്കും സുരക്ഷിതത്വം, കുലീനത, സംരക്ഷണം എന്നൊക്കെ പറഞ്ഞ് നാം മതിൽ തീർത്തപ്പോൾ നേട്ടം കൊയ്തത് ‘ആകർഷകങ്ങളായ പർദയും മഫ്തയു’മായി രംഗത്തെത്തിയ ബ്രാന്റ് കമ്പനികളായിരുന്നു. നഷ്ടപ്പെട്ടതാകട്ടെ ഇസ്‌ലാമിന്റെ വസ്ത്ര സങ്കൽപത്തിന്റെ ആത്മാവും വൈവിധ്യവും. വിമർശനങ്ങളെ സഹർഷം സ്വാഗതം ചെയ്ത്, സധൈര്യം വിശകലനം ചെയ്ത് സക്രിയമായി ഇടപെടുമ്പോൾ വികസനവും വിശാലതയും കൈവരുന്നു. സംവാദത്തിന്റെയും ജനാധിപത്യത്തിന്റെയും പുതിയ മാതൃകകൾ സൃഷ്ടിക്കപ്പെടുന്നു. നല്ല ആത്മവിശ്വാസമുള്ളവർക്ക് മാത്രമേ ഈ ധർമം ഏറ്റെടുക്കാനാവൂ. അതിൽ ശകലം കുറവ് വരുമ്പോഴാണ് പ്രതിരോധത്തിന്റെ വടിയുമായി പ്രത്യക്ഷപ്പെടേണ്ടിവരുന്നത്.

അരി തിന്നുന്ന മലയാളിയുടെയും കാരക്ക തിന്നുന്ന അറബിയുടെയും ഭക്ഷണത്തെ, കറുത്ത നീഗ്രോയുടെയും വെളുത്ത യൂറോപ്യന്റെയും നിറത്തെ, പണിയെടുത്ത് സമ്പാദിക്കുന്ന പുരുഷനെ, ഗർഭം ധരിച്ച് പ്രസവിക്കുന്ന സ്ത്രീയെ, സാരി ധരിക്കുന്ന ഇന്ത്യക്കാരിയെ, പർദ ധരിക്കുന്ന അറേബ്യക്കാരിയെ എല്ലാം ഒരുപോലെ അഭിസംബോധന ചെയ്യുന്നുണ്ട് ഇസ്‌ലാം. അരിയാണോ കാരക്കയാണോ സാരിയാണോ പർദയാണോ ആണാണോ പെണ്ണാണോ കണ്ണൂർ മാപ്പിളയാണോ മലപ്പുറം പുതിയാപ്പിളയാണോ കൂടുതൽ ഇസ്‌ലാമികം എന്ന ചോദ്യംതന്നെ അസംബന്ധമാണ്. ഒരു സംസ്കാരവും കാലാകാലം ഒരേ രൂപത്തിൽ നിലനിൽക്കുന്നില്ല. കൊടുത്തും വാങ്ങിയും മാറിക്കൊണ്ടേയിരിക്കും. അതിനനുസരിച്ച് കാഴ്ചപ്പാടുകളും മാറും. നമ്മുടെ ജീവിതം വേരുറപ്പിച്ച അതേ ചുറ്റുപാടിൽ തന്നെയാണ് നമ്മുടെ ഇസ്‌ലാം അലിഞ്ഞു ചേരേണ്ടതും പുഷ്ടിപ്പെടേണ്ടതും. തെളിവെള്ളം പോലെയാണത്. ഏത് പാത്രത്തിലാണോ വെള്ളമെടുക്കുന്നത്, അതിന്റെ രൂപം വെള്ളം സ്വീകരിക്കും. പക്ഷേ അതിന്റെ നൈർമല്യമോ തെളിമയോ പ്രകൃതിയോ മാറുന്നില്ല. ഈ ജലകണികകളാണ് ഇസ്‌ലാമിന്റെ ആകാശത്ത് മഴവില്ല് വിരിയിക്കുന്നത് (മഴവിൽലോകത്തെ ഇസ്‌ലാമല്ല).

ഇങ്ങനെ പ്രാദേശികവും ലിംഗപരവും വർഗ, വർണ, ഭാഷാപരവുമായ പ്രായോഗികാനുഭവങ്ങളിലൂടെയാണ് ഇസ്‌ലാം പുതിയ നിറങ്ങളും ആഴങ്ങളും കണ്ടെത്തുന്നത്. പക്ഷേ, അനുഭവങ്ങൾ അനുഭവങ്ങളായിരിക്കുന്നേടത്തോളം അവക്ക് ജീവനുണ്ടാവുകയില്ല. അവ പ്രശ്നവത്കരിക്കുമ്പോൾ മാത്രമാണ് ഉത്തരങ്ങളുണ്ടാവുന്നത്. ആ ഉത്തരങ്ങൾ പ്രായോഗികമാവുമ്പോൾ ഇസ്‌ലാമിന്റെ മഴവില്ലിന് മിഴിവേറുന്നു. ■

> **നമ്മുടെ ജീവിതം വേരുറപ്പിച്ച അതേ ചുറ്റുപാടിൽ തന്നെയാണ് നമ്മുടെ ഇസ്‌ലാം അലിഞ്ഞു ചേരേണ്ടതും പുഷ്ടിപ്പെടേണ്ടതും. തെളിവെള്ളം പോലെയാണത്. ഏത് പാത്രത്തിലാണോ വെള്ളമെടുക്കുന്നത്, അതിന്റെ രൂപം വെള്ളം സ്വീകരിക്കും. പക്ഷേ അതിന്റെ നൈർമല്യമോ തെളിമയോ പ്രകൃതിയോ മാറുന്നില്ല. ഈ ജലകണികകളാണ് ഇസ്‌ലാമിന്റെ ആകാശത്ത് മഴവില്ല് വിരിയിക്കുന്നത്**